II ഇ.ബി. XIII- കേരള നിയമസഭ/VIII-10

പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

ചോദ്യോത്തരങ്ങൾ – സംഗ്രഹം

2013 ഏപ്രിൽ 03, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

30 (*271) നഗരവികസനത്തിനായി നിക്ഷേപക സംഗമങ്ങൾ

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) നൽകിയ മറുപടിയിൽ, നഗരസഭകളുടെ തനതുവരുമാനവും വികസന ഫണ്ടും അപര്യാപ്തമായതിനാൽ സ്ഥലവും മറ്റ് അടിസ്ഥാന സൗകര്യവുമുള്ള നഗരസഭകൾക്ക് സ്വകാര്യ പങ്കാളിത്തത്തോടെ നഗരവികസന പദ്ധതികൾ ഏറ്റെടുക്കുന്നതിന് സഹായകരമായ രീതിയിൽ നിക്ഷേപക സംഗമങ്ങൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. വിദേശ മലയാളികളടക്കമുള്ള നിക്ഷേപകരെ പങ്കെടുപ്പിച്ചുകൊണ്ട് വിവിധ മേഖലകളിലായി സംഘടിപ്പിക്കുന്ന നിക്ഷേപക സംഗമങ്ങളിൽ അതാതു മേഖലകളിൽ വരുന്ന നഗരസഭകളുടെ പദ്ധതികൾ അവതരിപ്പിക്കുന്നതാണ്. 2013 ആഗസ്റ്റ് 17-ന് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, എന്നിവിടങ്ങളിലായി എമർജിംഗ് കേരളയുടെ മോഡലിൽ സംഗമങ്ങൾ സംഘടിപ്പിക്കുന്നതാണ്. ഷോപ്പിംഗ് മാളുകൾ, ബസ് ടെർമിനലുകൾ, മെക്കനൈസ്ഡ് പാർക്കിംഗ്

സിസ്റ്റം, ഡെയ്‌ലി മാർക്കറ്റിംഗ്, സിനിമാ തിയേറ്ററുകൾ, കമ്മ്യൂണിറ്റി ഹാളു കൾ എന്നിവയുടെ നിർമ്മാണത്തിന് അതാത് പ്രദേശങ്ങളിൽ നിന്നുമാണ് നിക്ഷേപം പ്രതീക്ഷിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് എല്ലാ നഗരസഭാ അദ്ധ്യ ക്ഷന്മാർക്കും സെക്രട്ടറിമാർക്കും വേണ്ടി ഏകദിന ശിൽപ്പശാല സംഘടിപ്പി ക്കുകയും അടിസ്ഥാന സൗകര്യങ്ങളും ആവശ്യകതയും കണക്കിലെടുത്ത് പദ്ധതികൾ തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. നിക്ഷേപക സംഗമത്തിനും പദ്ധതി നിർവ്വഹണത്തിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനായി തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനും നഗരകാര്യ ഡയറക്ടർ കൺവീനറും നഗരസഭാ ചെയർമാന്മാ രുടെ പ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ അംഗങ്ങളുമായിട്ടുള്ള ഒരു കമ്മിറ്റിയും ഇതിലേയ്ക്കുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനായി നഗര കാര്യ ഡയറക്ടറേറ്റിൽ പി.പി.പി. സെല്ലും രൂപീകരിച്ചിട്ടുണ്ട്. നിക്ഷേപക സംഗമത്തിലൂടെ തീരുമാനിക്കപ്പെടുന്ന പദ്ധതികൾ നടപ്പാക്കാൻ വിവിധ സർക്കാർ/അർദ്ധസർക്കാർ ഏജൻസികളുടെ സഹകരണം പ്രയോജനപ്പെടു ത്തുന്നതോടൊപ്പം പദ്ധതികൾക്കാവശ്യമായ എല്ലാ സഹായവും സർക്കാർ നൽകുന്നതാണ്. തിരുവനന്തപുരത്ത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന വെയ്സ്റ്റ് മാനേജ്മെന്റ് പ്ലാന്റിന്റെ നിർമ്മാണം ഈ മാസം തന്നെ ആരംഭിക്കാൻ കഴിയു മെന്ന് പ്രതീക്ഷിക്കുന്നതായി ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

31 (*272) <u>നാളീകേരത്തിന്റെ താങ്ങുവില</u>

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) നൽകിയ മറുപടിയിൽ, 2013 സീസണിലേക്ക് കേന്ദ്രസർക്കാർ മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 5250 രൂപയും ഉണ്ട കൊപ്രയ്ക്ക് ക്വിന്റലിന് 5500 രൂപയും താങ്ങുവില പ്രഖ്യാപിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഉല്പാദനച്ചെലവും പണപ്പെരുപ്പവും കണക്കിലെടുക്കുമ്പോൾ ഇത് അപര്യാപ്തമായതിനാൽ മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 6300 രൂപയായും ഉണ്ട കൊപ്രയ്ക്ക് ക്വിന്റലിന് 6915 രൂപയായും താങ്ങുവില ഉയർത്തണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. താങ്ങുവില സംഭരണം കൊണ്ടുണ്ടാകുന്ന നഷ്ടത്തിന്റെ 15% മാത്രമേ കേന്ദ്രസർക്കാർ നികത്തുകയുള്ളൂ എന്ന ഉപാധി സ്വീകാര്യമല്ലാത്തതിനാൽ നാഫെഡ് സംഭരണം നിറുത്തിവച്ചിരിക്കുകയാണ്. താങ്ങുവില സംഭരണം മൂലം നാഫെഡിനുണ്ടാകുന്ന നഷ്ടം പൂർണ്ണമായും നികത്തണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുകയും. നാഫെഡ് വഴിയുള്ള സംഭരണം പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. നാഫെഡ് കൊപ്ര സംഭരണം നിറുത്തിവച്ചപ്പോൾ കേരകർഷകരെ സഹായിക്കുന്നതിനായി കൃഷി ഭവനുകൾ വഴി പച്ച നാളീകേരം കിലോയ്ക്ക് 16 രൂപ നിരക്കിൽ നേരിട്ട് സംഭരിക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതിനകം 235 കൃഷി ഭവനുകളിലെ 10386 കർഷകരിൽ നിന്നും 5666.57 ടൺ പച്ചത്തേങ്ങ സംഭരിച്ചിട്ടുണ്ട്. കാർഷിക നയത്തിൽ നാളീകേര നയം കൂടി ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചതോടൊപ്പം തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി

എല്ലാ പഞ്ചായത്തുകളിലും കാർഷിക കർമ്മ സേനകൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പഴയ തെങ്ങുകൾ മുറിച്ചുമാറ്റി പുതിയവ നടുന്നതിനായി കേന്ദ്ര ബഡ്ജറ്റിൽ 75 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. പുതിയതായി വച്ചുപിടി പ്പിക്കുന്നതിന് യീൽഡ് കൂടിയതും കുറുകിയതും ഇളനീർ കൂടുതൽ ലഭിക്കു ന്നതുമായ ഇനം തൈകൾ കേരള കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടു ത്തിട്ടുണ്ട്. പാമോയിലിന്റെ ഇറക്കുമതി തീരുവ കൂട്ടണമെന്ന് കേന്ദ്ര സർക്കാരി നോട് ആവശ്യപ്പെട്ടിട്ടുണ്ട്. രാജ്യത്തെ എല്ലാ തുറമുഖങ്ങളിലൂടെയും വെളി ച്ചെണ്ണ കയറ്റുമതി ചെയ്യുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. പച്ചത്തേങ്ങ ഉണക്കി കൊപ്രയാക്കുന്നതിനായി മൂന്ന് കേന്ദ്രങ്ങളിൽ സോളാർ ഡ്രയറുകൾ സ്ഥാപി ച്ചിട്ടുണ്ട്. നീര ഉൽപ്പാദിപ്പിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുന്ന തോടൊപ്പം സർക്കാർ ചടങ്ങുകളിൽ ഇളനീര് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വെളിച്ചെണ്ണയ്ക്ക് സബ്സിഡി നൽകുന്ന കാര്യം പരിഗണനയിലുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

32 (*273) <u>ആശ്രയ 2-ാം ഘട്ട പദ്ധതി</u>

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) നൽകിയ മറുപടിയിൽ, ആശ്രയ പദ്ധതിയിൽ നാളിതുവരെ ഉൾപ്പെ ടാത്ത അർഹതയുള്ള കുടുംബങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് 2-ാം ഘട്ട പദ്ധ തിക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കേരളത്തിലെ തദ്ദേ ശസ്വയംഭരണ സ്ഥാപനങ്ങളിലെ നിരാശ്രയരും അടിസ്ഥാന ജീവിത സൗകര്യ ങ്ങൾ നിഷേധിക്കപ്പെട്ടവരും സാമൂഹ്യമായി ബഹിഷ്കൃതരും പാർശ്വവൽക്ക

രിക്കപ്പെട്ടവരും യാതൊരുവിധ കണക്കെടുപ്പിലും ഉൾപ്പെടാത്തവരുമായ കുടുംബങ്ങളെ സുതാര്യ മാനദണ്ഡങ്ങൾ ഉപയോഗിച്ച് കണ്ടെത്തി പുനരധിവസിപ്പിക്കുന്ന പദ്ധതിയാണിത്. ഇവർക്ക് പുറമേ സ്വയം പുറത്തിറങ്ങി കാര്യങ്ങൾ നിർവ്വഹിക്കാൻ സാധിക്കാത്ത ആളുകളെക്കൂടി 2-ാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്. ഈ പദ്ധതി പ്രകാരം അടിസ്ഥാന സൗകര്യവികസനം, അതിജീവനാവശ്യം, വികസനാവശ്യം എന്നീ ഘടകങ്ങളിൽ ഉൾപ്പെടുത്തി പ്രശ്നങ്ങൾ പരിഹരിക്കുകയാണ് ചെയ്യുന്നത്. കുടുംബശ്രീ വഴി കണ്ടെത്തുന്ന ഗുണഭോക്താക്കൾക്ക് ഭക്ഷണം, വസ്ത്രം, വിദ്യാഭ്യാസം, വീട്, ആരോഗ്യപരിരക്ഷ തുടങ്ങിയവ നൽകിവരുന്നുണ്ട്. പ്രാഥമിക/കമ്മ്യൂണിറ്റി ആരോഗ്യ കേന്ദ്രങ്ങളിൽ ചെന്ന് മരുന്ന് വാങ്ങാൻ നിവൃത്തിയില്ലാത്ത രോഗികൾക്കും ദീർഘകാല രോഗങ്ങൾ ബാധിച്ചവർക്കും ആരോഗ്യ കേന്ദ്രങ്ങളിലെ ഫീൽഡ് വിഭാഗം ജീവനക്കാർ വീടുകളിൽ മരുന്നും പരിചരണ സാമഗ്രികളും ലഭ്യമാക്കിവരുന്നു. ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് സ്വയംതൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുമ്പോൾ സബ്സിഡിക്കു പുറമേ ബാങ്ക് വായ്പയ്ക്ക് തുല്യമായ തുക പ്രത്യേക അപേക്ഷ പ്രകാരം കുടുംബശ്രീ സംസ്ഥാന മിഷനിൽ നിന്നും അനുവദിക്കുന്നതാണ്. ചലഞ്ച് ഫണ്ടായി കുടുംബശ്രീയിൽ നിന്നും അനുവദിക്കുന്ന തുക പ്രോജക്ട് തുകയുടെ 40%-ന് വിധേയമായി 15 ലക്ഷം രൂപയിൽ നിന്നും 25 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ശാരീരിക അവശതയുള്ള ഗുണഭോക്താവിന് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായിട്ടുണ്ടെങ്കിൽപ്പോലും തുടർസഹായം ആവശ്യപ്പെട്ടാൽ ലഭ്യമാക്കുന്നതാണ്. പുതിയ ഗുണഭോക്താക്കളെ സർവ്വേ നടത്തി ഉൾപ്പെടുത്തുന്നതിന് എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

കൂടാതെ എല്ലാ ജില്ലകളിലും കുടുംബശ്രീ സംസ്ഥാന ഓഫീസിൽ നിന്നും നേരിട്ട് തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻ, സി.ഡി.എസ്. ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി തുടങ്ങിയവർക്ക് പദ്ധതി രൂപീകരണം, നടപ്പാക്കൽ തുടങ്ങിയവ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. എല്ലാ ജില്ലകളിലും ആശ്രയ പദ്ധതി രൂപീകരണം സംബന്ധിച്ച പരിശീലനം സംഘടിപ്പിച്ചിട്ടുണ്ട്. 1-ാം ഘട്ട ആശ്രയ പദ്ധതി നടപ്പാക്കിയിട്ടില്ലാത്ത 35 പഞ്ചായത്തുകളെക്കൂടി 2-ാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിമുഖത കാണിക്കുന്ന പഞ്ചായത്തുകൾക്ക് ഗ്രാന്റ് അനുവദിക്കണമോ എന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. ഈ പദ്ധതിയിൽ ഉൾപ്പെടുന്നവരെ ബി.പി.എൽ. വിഭാഗത്തിൽ ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവ് ഇറക്കിയിട്ടുണ്ട്. ആശ്രയ പദ്ധതിയുമായി നിസ്സഹകരിക്കുന്ന ഡോക്ടർമാർക്കെതിരെ നടപടി സ്വീകരിക്കും. വർക്കല നിയോജക മണ്ഡലത്തിന്റെ തീരപ്രദേശങ്ങളിൽ പ്രത്യേകതരം ത്വക്ക് രോഗം ബാധിച്ചവരെ കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

33 (*274) <u>നിറവ് പദ്ധതി</u>

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, 2013–2014 സാമ്പത്തിക വർഷത്തിൽ നെൽകൃഷി വികസനത്തിനുവേണ്ടി ഗ്രൂപ്പ് ഫാമിംഗ് കൃഷിരീതിക്കുള്ള സഹായം, കര നെൽകൃഷി പ്രോത്സാഹനം, സവിശേഷ അരി പ്രോത്സാഹിപ്പിക്കൽ, നെൽകൃഷി വികസന ഏജൻസികൾക്ക് ധനസഹായം, പി.പി.പി.എസ്.ആർ.ഐ. പദ്ധതി, തരിശുരഹിത പഞ്ചായത്തുകൾ, പാടശേഖര

സമിതികൾക്ക് പ്രവർത്തന സഹായം, മാതൃകാ പാടശേഖരങ്ങൾക്ക് സഹായം, സൗജന്യ വൈദ്യുതി., ഉത്പാദന ബോണസ്, മാക്രോ മാനേജ്മെന്റ് പദ്ധതി എന്നിവയാണ് നടപ്പിലാക്കുന്നതെന്ന് സഭയെ അറിയിച്ചു. കൃഷിയുടെയും അനുബന്ധ മേഖലകളുടെയും വികസനത്തിന് സാദ്ധ്യതയുള്ള കൂത്തുപറമ്പ്, പേരാമ്പ്ര, നാദാപുരം, ബാലുശ്ശേരി, കൽപ്പറ്റ, കോട്ടയ്ക്കൽ, കൊടുങ്ങല്ലൂർ, പരവൂർ, തൊടുപുഴ, ചെങ്ങന്നൂർ, പത്തനാപുരം, പാലാ എന്നീ നിയോജകമണ്ഡലങ്ങളെയാണ് 'നിറവ്' പദ്ധതിക്കായി തെരഞ്ഞെടുത്തിരിക്കുന്നത്. നെൽകൃഷിയിൽ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾ, ക്ലസ്റ്റർ അടിസ്ഥാനത്തിൽ തെങ്ങുകൃഷി വികസനം, ഗ്രാമ്പൂ കൃഷി പ്രോത്സാഹനം, വെറ്റില കൃഷി പ്രോത്സാഹനം, ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ, നടീൽ വസ്തുക്കളുടെ വിതരണം, കാർഷിക യന്ത്രവൽക്കരണത്തിനുള്ള സഹായം, തൊഴിൽ സേനാ രൂപീകരണം, മണ്ണിര കമ്പോസ്റ്റ് നിർമ്മാണം എന്നിവയാണ് ആർ.കെ.വി.വൈ. പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതികൾക്ക് 737.58 ലക്ഷം രൂപ ധനസഹായമായി ലഭ്യമാക്കുന്നുണ്ട്. കൃഷി വകുപ്പിന് പുറമേ മൃഗസംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ്, സംസ്ഥാന ഹോർട്ടികൾച്ചറൽ മിഷൻ, ഫിഷറീസ് വകുപ്പ് എന്നിവ മുഖേനയും പദ്ധതി നടപ്പിലാക്കുന്നുണ്ട്. 'നവര' എന്ന പേരിൽ നെൽവിത്തും ജൈവവളം ഉപയോഗിച്ച് കൃഷി ചെയ്തുണ്ടാക്കിയ 'കുട്ടനാടൻ റൈസ്' എന്ന പ്രത്യേക ബ്രാൻഡും പുറത്തിറക്കിയിട്ടുണ്ട്. 1000 കുളങ്ങളെ സംരക്ഷിച്ച് ജലസ്രോതസ്സുകളാക്കി നിലനിറുത്തുക എന്ന ലക്ഷ്യത്തോടെ 'സഹസ്ര സരോവർ' എന്ന പദ്ധതിക്ക് രൂപം

നൽകിയിട്ടുണ്ട്. സംഭരിച്ച നെല്ലിന്റെ വിലയായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ നെൽകർഷകർക്ക് നൽകാനുള്ള തുക കാലതാമസമില്ലാതെ നൽകുന്നതിന് നടപടി സ്വീകരിക്കുമെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി മറുപടി നൽകി.

(നക്ഷത്രചിഹ്നമിട്ട ബാക്കി 275 മുതൽ 300 വരെയുള്ള ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2999 മുതൽ 3282 വരെയുള്ള ചോദ്യങ്ങളിൽ 17 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)